**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 217** **10-06-2024 - ൽ മറുപടിയ്ക്ക്**

**ചെറിയകൊണ്ണി ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ച ചെറിയകൊണ്ണി ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ നിർവ്വഹണ പുരോഗതി അറിയിക്കാമോ; | (എ) | അരുവിക്കര (ചെറിയകൊണ്ണി) ഗവ.ആയുർവേദ ഡിസ്പെൻസറിയുടെ കെട്ടിട നിർമ്മാണത്തിനായി 2022-23 സാമ്പത്തിക വർഷത്തെ ഭരണാനുമതി ഇല്ലാത്ത മരാമത്ത് പ്രവൃത്തികളിൽ ഉൾപ്പെടുത്തി അടങ്കൽ തുകയായ 1.50 കോടി രൂപയിൽ 30 ലക്ഷം രൂപ ടോക്കൺ പ്രൊവിഷണനായി വകയിരുത്തിയിരുന്നു. കെട്ടിടം നിർമ്മിക്കുന്നതിനായി പഞ്ചായത്ത് ശിപാർശ ചെയ്ത സ്ഥലം നിർമ്മാണ പ്രവർത്തനത്തിന് യോഗ്യമല്ല എന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചു. പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി പഞ്ചായത്ത് പുതുതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം പരിശോധിച്ച് സാധ്യതാ പഠന റിപ്പോർട്ട് നൽകുവാൻ ബഹു.അരുവിക്കര എം.എൽ.എ 10/11/2023ന് വിളിച്ച യോഗത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് ആർകിടെക്റ്റ് വിഭാഗം സൈറ്റ് സന്ദർശിച്ച് ഡ്രോയിംഗ് തയ്യാറാക്കി നൽകി. പഞ്ചായത്ത് നിലവിൽ കണ്ടെത്തിയിരിക്കുന്ന സ്ഥലം സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിൽ ഉള്ളതാകയാൽ പ്രസ്തുത സ്ഥലം പഞ്ചായത്തിന് കൈമാറി നൽകിയാൽ മാത്രമേ നിർമ്മാണ പ്രവർത്തനത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയ്ക്ക് സമർപ്പിക്കാൻ സാധിക്കുവെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിരിക്കുന്നതിനാലും, പുതുതായി കണ്ടെത്തിയ സ്ഥലം പഞ്ചായത്ത് ഏറ്റെടുക്കുന്ന നടപടികളും പൂർത്തിയാകുന്ന മുറയ്ക്ക് ചെറിയകൊണ്ണി ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി കാലതാമസം കൂടാതെ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ